# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

| | | | |
|---|---|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1140** | | **12.07.2016-ൽ മറുപടിയ്ക്ക്** | |
| **ശുചിത്വമിഷൻ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീമതി.പി.അയിഷാ പോറ്റി** | | **ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | 2015-16 സാമ്പത്തിക വർഷത്തിൽ ശുചിത്വമിഷന്റെ മേൽനോട്ടത്തിൽ എത്ര തദ്ദേശസ്ഥാപനങ്ങളിൽ മാലിന്യപ്ലാന്റ്, ശ്മശാനങ്ങൾ എന്നിവ നിർമ്മിച്ചിരുന്നു എന്ന് വ്യക്തമാക്കാമോ; സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) | 2015-16 സാമ്പത്തിക വർഷത്തിൽ ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ മാലിന്യ പ്ലാന്റുകളൊന്നുംതന്നെ നിർമിച്ചിരുന്നില്ല.<br>കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത്, പയ്യന്നൂർ മുനിസിപ്പാലിറ്റി എറണാകുളം ജില്ലയിലെ മുക്കന്നൂർ, കൂത്താട്ടുകുളം ഗ്രാമപഞ്ചായത്തുകൾ, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റി എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ശ്മശാനങ്ങൾ നിർമ്മിക്കാനുള്ള സാങ്കേതികാനുമതി ശുചിത്വ മിഷൻ മുഖേന നൽകിയിട്ടുണ്ട്. |
| (ബി) | പ്ലാന്റ്, ശ്മശാനം എന്നിവ നിർമ്മിക്കുന്നതിന് ചെലവായ തുക സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കാമോ; | (ബി) & (സി) | പ്ലാന്റ് നിർമ്മാണത്തിന് മുൻ വർഷ പ്രോജക്ടുകൾ പൂർത്തീകരണത്തിനായി 3,26,101/- രൂപ ചെലവഴിച്ചിട്ടുണ്ട്. ശ്മശാനം നിർമ്മിക്കുന്നതിന് ചെലവായ തുക സംബന്ധിച്ചും നിലവിലെ സ്ഥിതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (സി) | മേൽപ്രകാരം നിർമ്മിക്കപ്പെട്ട പ്ലാന്റുകളുടെയും ശ്മശാനങ്ങളുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ